**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** | **31-01-2024 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ജല ജീവൻ പദ്ധതി പ്രകാരമുള്ള കുടിവെള്ള വിതരണം നടപ്പാക്കുന്നതിൽ സംസ്ഥാനം മുപ്പതാം സ്ഥാനത്താണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ കണക്ക് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം രാജ്യത്ത് മുപ്പതാം സ്ഥാനത്താണ്. ദേശീയ തലത്തിൽ 2019 ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്. ജല ജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കുവേണ്ടി ആവശ്യമായിവരുന്ന സ്ഥലം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് ദേശീയ പാത/ പൊതുമരാമത്ത് റെയിൽവേ, വനം ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭ്യമാകുന്നതിലെ കാലതാമസം നേരിടുന്നുണ്ട്. ഇതിനുപുറമെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് താരതമ്യേന ബൃഹത് പദ്ധതികളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളിൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറക്ക് അവസാന ഘട്ടത്തിൽ മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളു. അതിനാലാണ് പദ്ധതി പ്രവർത്തനങ്ങൾ പുരോഗതിയിലാണെങ്കിലും നൽകിയ ഗാർഹിക കണക്ഷനുകളുടെ അടിസ്ഥാനത്തിൽ കേരളം മുപ്പതാം സ്ഥാനത്തായത്. |
| (ബി) | പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | ഏറ്റെടുക്കുന്നതിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ; | | |
| (സി) | സ്ഥലം ഏറ്റെടുക്കാത്തതിനെ തുടർന്ന് എത്ര പദ്ധതികളാണ് മുടങ്ങി കിടക്കുന്നതെന്ന് അറിയിക്കുമോ; | (സി) | 33 എണ്ണം. |
| (ഡി) | പദ്ധതികൾക്കാവശ്യമായ സ്ഥലം സമയബന്ധിതമായി ഏറ്റെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ജല ജീവൻ മിഷൻ പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗങ്ങൾ സംഘടിപ്പിച്ച് സ്ഥലലഭ്യത സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലജീവൻമിഷൻ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സർക്കാർതലത്തിലും ജില്ലാതലത്തിലും പ്രസ്തുത യോഗങ്ങൾ തുടർന്നും നടത്തി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്.<br><br>സ്ഥലം ലഭ്യമാക്കുന്നതിൽ നടപടികൾ ലഘൂകരിക്കാൻ വിവിധ ഉത്തരവുകൾ സർക്കാർ ഇതിനോടകം ഇറക്കിയിട്ടുണ്ട്.<br><br>സർക്കാർ പുറംപോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള അധികാരം 17-06-2022-ലെ സർക്കാർ ഉത്തരവിലൂടെ ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അനുമതി ഭൂജലവകുപ്പിനും ജലനിധിക്കും കൂടി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. കൂടാതെ ജല ജീവൻ മിഷൻ പദ്ധതികൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നൽകിക്കൊണ്ടുള്ള മാർഗ്ഗരേഖ 01.06.2023 ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി നിർവ്വഹണത്തിനനുയോജ്യമായ സ്ഥലം കണ്ടെത്തി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിനെ അറിയിക്കുകയും തുടർന്ന് ഭൂവുടമകളിൽനിന്നും താല്പര്യ പത്രം ക്ഷണിച്ച് അതിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകേണ്ടതുമാണ് . തുടർന്ന് വില നിർണയത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യപത്രത്തിലെ ഓഫറുകൾ പരിശോധിച്ച് ഭൂമിവാങ്ങുന്നതിനുള്ള നിലവിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കേണ്ടതാണ്. എന്നാൽ റവന്യൂ അധികാരി നിശ്ചയിക്കുന്ന വിലയെക്കാൾ ഭൂ ഉടമയുടെ ഓഫറിലെ വില കൂടുതലായാൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ച് വില പുനർനിർണയം നടത്തുകയും അത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഭൂ ഉടമയെ ബോധ്യപ്പെടുത്തി നടപടിക്രമങ്ങൾ പാലിച്ച് ഭൂമി ഏറ്റെടുക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉടലെടുത്താൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റിയുടെ നിർദ്ദേശം തേടി പരിഹരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ തുക എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരെ സമീപിക്കുവാൻ 11/12/2023-ൽ നിർദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ